(ബി) ഓരോ ഇനത്തിനും എന്തു തുക വീതമാണ് ആവശ്യപ്പെട്ടത് ;

(സി) 2000 ഫെബ്രുവരിയിൽ നടന്ന ചർച്ചകളിൽ എന്തു തുക നൽകാമെന്നാണ് ബാങ്ക് അധികൃതർ സമ്മതിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2000 ഫെബ്രുവരിയിൽ കേരള സംസ്ഥാനത്തെക്കുറിച്ചുള്ള പഠനത്തിന് ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് അധികൃതർ എത്തിയിരുന്നു. അവരുമായി നടത്തിയ ചർച്ചയിൽ വൈദ്യുതി മേഖലയുടെ ആവശ്യത്തിനായി താഴെപറയുന്ന ഇനങ്ങളിൽ 2610 കോടി രൂപയുടെ വായ്പ താൽക്കാലികമായി വേണമെന്നുള്ള സൂചനയുണ്ടായിരുന്നു. എന്നാൽ വിശദമായ പഠനത്തിനു ശേഷമേ ആകെ എന്തു തുകയാണ് വേണ്ടിവരിക എന്ന് വ്യക്തമാവുകയുള്ളൂ.

ഇൻസ്റ്റിറ്റ്യൂഷണൽ ഡെവലപ്പ്മെന്റ്	225 കോടി രൂപ
ഫിനാൻഷ്യൽ മോനിട്ടറിംഗ്	10 കോടിരൂപ
പ്രോജക്ട് ആന്റ് വർക്ക്	2365 കോടിരൂപ
കമ്മ്യൂണിക്കേഷൻ നെറ്റ് വർക്ക്	10 കോടിരൂപ
ആകെ	2610 കോടി രൂപ

ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്ക് എന്തു തുക നൽകുമെന്നതു സംബന്ധിച്ച് അവസാന തീരുമാനമായിട്ടില്ല.

കൊടുവള്ളി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

126 (1793) ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ലക്ഷ്യമിട്ട് മുക്കിടങ്ങോട്ട്, കച്ചേരി മുക്ക്, വട്ടപ്പാറപ്പൊയിൽ, കണിയംപൊയിൽ എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; എന്നത്തേയ്ക്ക് ഈ പണി പൂർത്തിയാകും ;

(ബി) കൊടുവള്ളി മണ്ഡലത്തിലെ കാക്കൂർ പഞ്ചായത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) കൊടുവള്ളി മണ്ഡലത്തിൽ മിനിമം ഗ്യാരന്റിവെച്ച എത്ര വർക്കുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിൽ ഗാർഹിക-ഗാർഹികേതര അപേക്ഷകൾ എത്രവീതമുണ്ട് ;

(ഇ) ഇവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുക്കിടങ്ങോട് — പണി പൂർത്തിയായി.
കച്ചേരി മുക്ക് — പി. റ്റി. സി. സി. അനുമതി ലഭിച്ചിട്ടില്ല.
വട്ടപ്പാറപ്പൊയിൽ — പോസ്റ്റുകൾ നാട്ടിക്കഴിഞ്ഞു.
കണിയാംപൊയിൽ എന്ന പ്രവൃത്തി കൊടുവള്ളി നിയോജകമണ്ഡലത്തിലില്ല.

(ബി) ഇല്ല.

(സി) അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു.

(ഡി) 9 എണ്ണം. ഗാർഹികം - 1 (8 അപേക്ഷകർ)
ഗാർഹികേതരം - 8 (8 അപേക്ഷകൾ)

(ഇ) ഇതിൽ ഗാർഹിക മിനിമം ഗ്യാരന്റിവർക്ക് ടാർജറ്റിൽ ഉൾപ്പെട്ടത് അല്ലാത്തതിനാൽ ഈ സാമ്പത്തിക വർഷം തുടങ്ങാൻ നിർവ്വാഹമില്ല. ഗാർഹികേതര ജോലി മുൻഗണനാക്രമമനുസരിച്ചും സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ചും ചെയ്തു വരുന്നുണ്ട്.

ജനറേറ്ററുകളുടെ അറ്റകുറ്റപണികൾ

127 (1794) ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം ജലവൈദ്യുത പദ്ധതികളുടെ ജനറേറ്ററുകൾക്ക് നിലവിൽ അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട് ;

(ബി) അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എത്ര ജനറേറ്ററിന്റെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വരും ;

(സി) ഇവയുടെ പ്രവർത്തനം നിർത്തിവച്ചുകൊണ്ട് അറ്റകുറ്റപ്പണി നടത്താൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) മൂലമറ്റത്തുള്ള 3 യൂണിറ്റുകൾക്കും ഷോളയാറുള്ള 2 യൂണിറ്റുകൾക്കും നിലവിൽ അറ്റകുറ്റപ്പണികൾ നടത്തേണ്ടതായുണ്ട്. മൂലമറ്റത്തെ യൂണിറ്റുകൾ കൂളർ സിസ്റ്റത്തിൽ ഉണ്ടായിട്ടുള്ള തകരാറുകൾ ശരിയാക്കാനാണ് പ്രവർത്തനം നിർത്തേണ്ടതായി വരിക. ഒരളവുവരെ പ്രസ്തുത സിസ്റ്റത്തിലെ തകരാറുകൾ നിലനിൽക്കെ പ്രവർത്തിപ്പിക്കാമെന്നതിനാൽ മൂലമറ്റത്തെ യൂണിറ്റുകൾ ഓരോന്നു വീതമേ പ്രവർത്തനം നിർത്തിവച്ച് പണി നടത്തുകയുള്ളു. ജനറേറ്ററുകളുടെ അറ്റകുറ്റപ്പണികൾ അവയുടെ പ്രവർത്തനം നിർത്തിവച്ചു മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly